"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

G.O.(Rt)No.1872/2020/LSGD തീയതി,തിരുവനന്തപുരം, 12/10/2020

പരാമർശം:- 1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.08.2017 ലേയും 04.11.2019 ലേയും 1152/ഡി/2016 നം കത്തുകൾ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.01.2018 ലേയും 07.05.2019 ലേയും 2436/ഡി/2015 നം കത്തുകൾ

ഉത്തരവ്

കുടുംബശ്രീയുടെ സംരംഭമേഖലയിൽ ശ്രദ്ധേയമായ സാനിറ്ററി നാപ്കിനുകൾ ടെൻഡറില്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വാങ്ങാനുള്ള സർക്കാർ ഉത്തരവ് ലഭ്യമായാൽ ഉൽപന്നത്തിന് കൂടുതൽ വിപണി കണ്ടെത്തുന്നതിനും ഉൽപാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വരുമാന വർദ്ധനവും അതുവഴി സ്ത്രീശാക്തീകരണവും പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യ വികസനവും സാദ്ധ്യമാകുമെന്നും അതിനാൽ കുടുംബശ്രീയുടെ സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി എംപാനൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്തുകൾ മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന സാനിറ്ററി നാപ്കിനുകളുടെ വില നിലവിൽ മാർക്കറ്റിൽ ലഭ്യമാകുന്ന നിലവാരമുള്ള പോപ്പുലർ ബ്രാൻഡുകളിൽ ഏറ്റവും താഴ്ന്ന മാർക്കറ്റ് നിരക്ക് ഏതാണോ, ആ നിരക്കിന്റെ പരമാവധി 25% വരെ ഉയർന്ന നിരക്കിൽ(L1+25%)വിതരണം ചെയ്യുന്നതിന് സാനിറ്ററി നാപ്കിൻ യൂണിറ്റുകളെ ഒരു വർഷത്തേക്ക് ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് വകുപ്പ്(17/06/2020 ലെ SPD-B1/30/2018-SPD Dated 17/06/2020 പ്രകാരം)

**File No.LSGD-IA1/379/2017-LSGD**

ധനകാര്യ വകുപ്പ്(03.09.2020 ലെ 817503/Dev.3/119-18 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ